# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4887          18.12.2014 ൽ മറുപടിക്ക്**

**റോഡുകളുടെ അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, കെ.ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ്<br>,, എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) റോഡുകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് പുതുതായി ഏറ്റെടുത്ത പദ്ധതി പ്രകാരം, പരമാവധി ബി എം & ബി സി ഉപരിതലം നിർമ്മിക്കുക എന്നാണുദ്ദേശിക്കുന്നത്.<br>40 എം എം ന മുകളിലുള്ള ഉപരിതല ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്ന റോഡുകൾക്ക് ഗ്യാരണ്ടി പീരിഡ് 3 വർഷവും, 40 എം.എം ൽ താഴെയുള്ള വർക്കുകൾക്ക് ഗ്യാരണ്ടി പീരീഡ് 1 വർഷവും ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ ഉണ്ടാകുന്ന കേടുപാടുകൾ അതാതുകരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും പരിഹരിക്കാൻ ബാധ്യസ്ഥനാണ്. |
| ബി) ശബരിമലയിലേക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി മറ്റു റോഡുകളുടെ കാര്യത്തിലും പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) & സി) ശബരിമലയിലേക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി ധനലഭ്യതക്കനുസരിച്ച് മറ്റു റോഡുകളുടെ കാര്യത്തിലും പരിഗണിക്കുന്നതാണ്. |
| സി) ഈ രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ